# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 689</u>      <u>13.07.2012-ൽ മറുപടിക്ക്</u>

## <u>സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ആരോഗ്യ സർവ്വകലാശാലയുടെ പരിശോധന</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. എ. ബേബി :<br>ശ്രീ. റ്റി. വി. രാജേഷ് :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് ആരോഗ്യ സർവ്വകലാശാല നടത്തിയ പരിശോധനയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;<br><br>(ബി) പരിശോധനാ സംഘം എന്തെല്ലാം ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത് ;<br><br>(സി) ഏതെങ്കിലും ശുപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | **(എ), (ബി) & (സി)**<br>സ്വകാര്യ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുന്നതിനായി ആരോഗ്യ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ നിർദ്ദേശമനുസരിച്ച് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാന കാരണങ്ങൾ താഴെ പറയുന്നു.<br>1) രോഗികളുടെ എണ്ണത്തിലുള്ള ശ്രദ്ധേയമായ കുറവ്.<br>2) നിർദ്ദിഷ്ട അദ്ധ്യാപന പരിചയവും യോഗ്യതയുമുള്ള അദ്ധ്യാപകരുടെ കുറവ്<br><br>മേൽ പറഞ്ഞ ന്യൂനതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാരെ വിളിച്ചുവരുത്തുകയും ഡോ. സി. രത്നാകരൻ (പ്രോ-വൈസ് ചാൻസിലർ), ഗവേണിംഗ് കൗൺസിൽ അംഗം കൂടിയായ സർവ്വകലാശാല ഡീൻ (റിസർച്ച്) ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, തൃശ്ശൂർ ഗവ: മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.ആർ. ഗിരിജ എന്നിവരടങ്ങിയ കമ്മിറ്റി വിശദമായ ചർച്ച നടത്തുകയും ന്യൂനതകൾ പരിഹരിക്കുന്നതിന് അടിയന്തിര നിർദ്ദേശം നൽകുകയും ആയതിലേക്കായി ബന്ധപ്പെട്ട കോളേജുകൾക്ക് ഒരു മാസത്തെ സമയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**